# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

**നവംബർ 2025**

ചീഫ് എഡിറ്റർ :ലിയ ഫാത്തിമ എഡിറ്റർ : ഫാത്തിമ നിദ , അനന്തു സുനീഷ് , മുഹമ്മദ് ഹാദി സി കെ സ്റ്റാഫ് എഡിറ്റർ റീഷ പി

## കൊടുവള്ളി ഉപജില്ലാ കലോത്സവം

കൊടുവള്ളി, : 2025- 26 അധ്യയന വർഷത്തെ കൊടുവള്ളി ഉപജില്ലാ കലോത്സവം ജിഎച്ച്എസ്എസ് കൊടുവള്ളി, എ യുപിഎസ് പറമ്പത്ത് കാവ്, ജി എം യു പി എസ് കൊടുവള്ളി, ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ, കെ എം ഒ എ ച്ച് എസ് എസ് എന്നീ സ്കൂളുകളിൽ വച്ച് നടന്നു. നവംബർ 4,5,6 എന്നീ ദിവസങ്ങളിലാണ് കലോത്സവം നടന്നത്. കൊടുവള്ളി ഉപജില്ലയിലെ എല്ലാ എൽപി യുപി ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായി. ഹൈസ്കൂൾ ,ഹയർസെക്കൻഡറി വിഭാഗത്തിൽ നരിക്കുനി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി കൊടുവള്ളി ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ യുപി വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. കൊടുവള്ളി ഉപജില്ലയിലെ ഹൈസ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് ടീമിന്റെ നേതൃത്വത്തിൽ പരിപാടികളുടെ ഡോക്യുമെന്റേഷൻ നട ന്നു. ജിഎച്ച്എസ്എ സ് കൊടുവള്ളി ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വ ത്തിൽ പ്രധാന വേദിയായ ജിഎച്ച്എസ്എസ് കൊടുവള്ളിയിലെ എല്ലാ പരിപാടികളും സ്കൂൾ ചാനലിൽ ലൈവ് സ്ട്രീമിംഗ് നടത്തി. കൊടുവള്ളി ന ഗരസഭാ വിദ്യാഭ്യാസസ്ഥിരം സമിതി ചെയർമാൻ കെ ശിവദാസൻ ,നഗരസഭ കൗൺസിലർ ഹഫ്സത്ത് 'ബഷീർ എ ഇ ഒ സി പി അബ്ദുൽ ഖാദർ, വായോളി മുഹമ്മദ് ,ബി പി സി ബി എം മെഹറലി എന്നിവർ പ ങ്കെടുത്തു. കൗൺസിലർ കെ ജമീല ,ശരീഫ കണ്ണാടിപ്പൊയിൽ ,ഹസീന, പ്രധാന അധ്യാപകൻ മുഹമ്മദ് മുസ്തഫ, നീരജ് ലാൽ, മുഹമ്മദ് കുണ്ടു ങ്ങര, കെ നവനീത്. മോഹൻ ഒ.പി.റഷീദ് ,അബ്ദുൽ നാസർ എന്നിവർ സംസാരിച്ചു.



## ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ ജിഎച്ച്എസ്എസ് കൊടുവള്ളി



കൊടുവള്ളി:പൊതുവിദ്യാഭ്യാസ മേഖലയിലെ മികവുകൾ ഉയർത്തിക്കാട്ടുന്ന 85 വിദ്യാലയങ്ങളുടെ ലിസ്റ്റിൽ ജിഎച്ച്എസ്എസ് കൊടുവള്ളിയും ഇടം നേടി. കേരള ഗവൺമെന്റിന്റെ കീഴിലുള്ള കൈറ്റ്ന്റെ നേതൃത്വത്തിൽ നടത്തുന്ന ഹരിത വിദ്യാലയം റിയാലിറ്റി ഷോയുടെ നാലാം എഡിഷന്റെ പ്രാഥമിക പട്ടികയിൽ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ കൊടുവള്ളി തെരഞ്ഞെടുക്കപ്പെട്ടു. പാഠ്യപാഠേതര പ്രവർത്തനങ്ങളുടെ മികവുകളും നൂതന സാങ്കേതിക വിദ്യകളുടെ പ്രവർത്തനങ്ങളും സാമൂഹിക പ്രവർത്തനങ്ങളുമാണ് ഈ വലിയ അംഗീകാരത്തിന് തെരഞ്ഞെടുക്കാൻ കാരണമായത് . മികച്ച ലൈബ്രറി , ലാബുകൾ, റോബോട്ടിക്സ് ഇലക്ട്രോണിക്സ് ത്രീ ഡി പ്രിൻറിങ്ങ് പരിശീലനം നൽകുന്ന അടൽ ടിക്ങറിങ് ലാബ്, മെഷീൻ ലേർണിംഗ് ,വെർച്ചൽ റിയാലിറ്റി ഐ ഒ ടി തുടങ്ങിയ സാങ്കേതികവിദ്യയിൽ പരിശീലനം നൽകുന്ന ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ലാബ് കരകൗശല വസ്തുക്കളിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്ന ക്രിയേറ്റീവ് കോർണർ അന്തരീക്ഷത്തിലെ ഓരോ സ്പന്ദനവും തിരിച്ചറിയുന്ന വെതർ സ്റ്റേഷൻ, ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്ന തുമ്പൂർ കുഴി, സ്കൂളിന് ആവശ്യ മായ വൈദ്യുതി നിർമ്മിക്കാൻ സഹായിക്കുന്ന സോളാർ പാനൽ എന്നിവയെല്ലാം സ്കൂളിൻറെ വേറിട്ട മികവുകളാണ് അയൽപക്ക വിദ്യാർ ത്ഥികൾക്കുള്ള റോബോട്ടിക് പരിശീലനം ,കൊടുവള്ളി സബ് ജില്ലയിലെ സയൻസ് ടീച്ചേഴ്സിനുള്ള ഇലക്ട്രോണിക്സ് റോബോട്ടിക്സ് പരിശീലനം കാലിക്കറ്റ് യൂണിവേഴ്സിറ്റി, എൻ ഐ ടി കോഴിക്കോട് എന്നിവയുമായി സഹകരിച്ചു കൊണ്ടുള്ള സ്കൂളിലെ പ്രവർത്തനങ്ങൾ ,അനിയത്തിക്ക് ഒരു വീട് പദ്ധതി, ഭിന്നശേഷി വിദ്യാർത്ഥികളുടെ ഉന്നമനത്തിന് വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ തുടങ്ങിയ മികച്ച പ്രവർത്തനങ്ങൾ സ്കൂളിനെ മുൻനിരയിലേക്ക് എത്തിച്ചു. ദേശീയ തലത്തിൽ നടത്തുന്ന സ്കൂൾ ഇന്നവേഷൻ മാരത്തണൺ, എടിഎൽ മാരത്തൺ എന്നിവയിലും കേരള ഡെവലപ്മെന്റ് ഇന്നവേഷൻ കൗൺസിലിന്റെ കീഴിലുള്ള വൈ ഐ പിയിലും തുടർച്ചയായിട്ട് വിദ്യാർത്ഥികൾക്ക് ഉണ്ടാകു ന്ന വിജയം എടുത്ത് പറയാവുന്നതാണ് ദേശീയതലത്തിലും സംസ്ഥാനതലത്തിലും കായികമേളയിലും സ്കൂളിൽ ഉണ്ടായ നേട്ടം സ്കൂളിനെ മിക വുറ്റതാക്കി . സ്കൂൾ പ്രിൻസിപ്പാൾ രഞ്ജിത്ത് സർ ഹെഡ്മാസ്റ്റർ മുഹമ്മദ് മുസ്തഫ , പിടിഎ പ്രസിഡണ്ട് അബ്ദുറഷീദ്, എസ് എം സി ചെയർ മാൻ മുഹമ്മദ് കുണ്ടുങ്ങരതുടങ്ങിയവർ സ്കൂളിലെ മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ജി.എച്ച്.എസ്.എസ്. കൊടുവള്ളി: ജെ.ആർ.സി. പ്രവർത്തനോദ്ഘാടനവും, സ്കാർഫിംഗ് സെറിമണിയും ശ്രദ്ധേയമായി



കൊടുവള്ളി: ജി.എച്ച്.എസ്. കൊടുവള്ളി സ്കൂളിലെ 2025–26 അധ്യയന വർഷത്തെ ജൂനിയർ റെഡ് ക്രോസ് (ജെ.ആർ.സി.) പ്രവർത്തനങ്ങൾക്ക് വർണ്ണാഭമായ ചടങ്ങുകളോടെ തുടക്കമായി. പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനവും പുതിയ അംഗങ്ങളെ ഏറ്റെടുത്തുകൊണ്ടുള്ള സ്കാർഫിംഗ് സെറിമണിയും സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. നിരവധി ആതുര, സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഹെഡ്മാസ്റ്റർ മുഹമ്മദ് മുസ്തഫ പരിപാടി ഉദ്ഘാടനം ചെയ്തു. പുതിയ ജെ.ആർ.സി. അംഗങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുന്ന സ്കാർഫിംഗ് സെറിമണിക്ക് ഷെരീഫ ടീച്ചർ (ജെ.ആർ.സികൗൺസിലർ ജി.എച്ച്.എസ് എസ് പന്നൂർ)പ്രശസ്ത അഭിനേതാവും നാടൻപാട്ട് കലാകാരനുമായ നാരായണൻ മണാശ്ശേരി എന്നിവർ നേതൃത്വം നൽകി. തുടർന്ന്, "ജെ.ആർ.സി. ചരിത്രവും പ്രാധാന്യവും" എന്ന വിഷയത്തിൽ ഷരീഫ ടീച്ചർ വിദ്യാർത്ഥികൾക്കായി വിജ്ഞാനപ്രദമായ ക്ലാസ് എടുത്തു. ജെ.ആർ.സി.യുടെ ലക്ഷ്യങ്ങളെക്കുറിച്ചും സാമൂഹ്യ സേവനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികൾക്ക് മനസ്സിലാക്കാൻ ഇത് സഹായകമായി.സമ്മേളനത്തിന്റെ മുഖ്യ ആകർഷണം നാടൻപാട്ട് കലാകാരൻ നാരായണൻ മണാശ്ശേരിയുടെ നേതൃത്വത്തിൽ നടന്ന നാടൻപാട്ടുമേളയായിരുന്നു. കുട്ടികളും രക്ഷകർത്താക്കളും ഒന്നു പോലെ പങ്കെടുത്ത നൃത്തച്ചുവടുകളോടെയും പാട്ടുകളോടെയും സദസ്സ് ആഘോഷത്തിന്റെ പാരമ്യതയിലെത്തി. വിവിധ നാടൻ പാട്ട് പരിപാടികൾ എല്ലാവരും ആസ്വദിച്ചു. രക്ഷാകർത്താക്കളുടെ സജീവ പങ്കാളിത്തം കുട്ടികൾക്ക് കൂടുതൽ ആവേശം പകർന്നു. കൗൺസിലർമാരായ അബ്ദുറഹ്മാൻ സർ സ്വാഗതവും, അശ്വതി ടീച്ചർ നന്ദിയും രേഖപ്പെടുത്തി.

.

## നവംബർ മാസത്തിലൂടെ

നവംബർ 1
കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ പോസ്റ്ററുകളും വീഡിയോസും തയ്യാറാക്കി.
നവംബർ 2 കൊടുവള്ളി ഉപജില്ല കലോത്സവത്തിന് മുന്നോടിയായി എൽ കെ ടീം ഒരു പ്രമോ വീഡിയോ തയ്യാറാക്കി

നവംബർ 3
കൊടുവള്ളി സബ് ജില്ല കലോത്സവം പ്രമാണിച്ച് രാവിലെ കലവറ നിറക്കൽ വെള്ളറ അബ്ദു ഉദ്ഘാടനം ചെയ്തു .പോസ്റ്റർ പ്രദർശനം വൈകുന്നേരം 3 മണിക്ക് കൊടുവള്ളി ഹൈസ്കൂളിൽ വെച്ച് നടന്നു. .2 :30 ന് വെബ്സൈറ്റ് ലോഞ്ചിങ്എ ഇ ഒ അബ്ദുൽ ഖാദർ നടത്തി .3: 15 ന് വിളംബര റാലി നടന്നു. സ്റ്റാഫ് മീറ്റിംഗ് നടന്നു മീറ്റിങ്ങിൽ ഐഡി കാർഡ് വിതരണം ചെയ്തു.
നവംബർ 4
സബ്ജില്ലാ കലോത്സവം സ്റ്റേജ് മത്സരങ്ങൾ ആരംഭിച്ചു. ജി എച്ച്എസ്എസ് കൊടുവള്ളി പ്രധാന വേദി. മലബാർ കണ്ണ് ആശുപത്രിയും സ്കൂളിലെ ഹെൽത്ത് ക്ലബ്ബും ചേർന്ന് ഉപജില്ലാ കലോത്സവത്തിനോട് അനുബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആയി നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ടീമിന്റെ നേതൃത്വത്തിൽ പ്രധാന വേദിയിലെ എല്ലാ പരിപാടികളും സ്കൂൾ യൂട്യൂബ് ചാനലിൽ ലൈവ് സ്ട്രീമിംഗ് നടത്തി.
നവംബർ 5
ഉപജില്ല യുവജനോത്സവ മത്സരങ്ങൾ വിവിധ വേദികളിലുമായി നടന്നു.
നവംബർ 6
സബ്ജില്ലാ കലോത്സവം രാത്രിയോടു കൂടി സമാപിച്ചു ഏറ്റവും കൂടുതൽ പോയൻറ് കരസ്ഥമാക്കിയ നരിക്കുനി സ്കൂൾ ഒന്നാം സ്ഥാനംനേടി . യുപി വിഭാഗം രണ്ടാം സ്ഥാനം കൊടുവള്ളി ഗവൺമെൻറ് ഹൈസ്കൂൾ കരസ്ഥമാക്കി.

നവംബർ 7
ഉപജില്ലാ കലോത്സവത്തിനോട് അനുബന്ധിച്ച് പ്രാദേശിക അവധി. പത്താം ക്ലാസിലെ കുട്ടികളുടെ പഠനയാത്ര ചിക്ക് മാഗ്ലൂർ, ലിറ്റിൽ ഹമ്പി ,കൂർഗ് എന്നിവിടങ്ങളിലേക്ക് സംഘടിപ്പിച്ചു.
നവംബർ 11 ലിറ്റിൽ കൈറ്റ്സ് ക്ലാസ് നടന്നു
നവംബർ 12 ഹൈസ്കൂൾ എസ് ആർ ജി മീറ്റിംഗ് നടന്നു. ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് ക്ലാസ് നടന്നു
നവംബർ 14
ശിശുദിനത്തോടനുബന്ധിച്ച് ശിശുദിന റാലി നടന്നു. എസ് പി സി ജെ ആർ സി കുട്ടികൾ റാലിക്ക് നേതൃത്വം നൽകി . ശിശുദിന സന്ദേശം,പ്ലക്കാർഡ് നിർമ്മാണം, ഡോക്യുമെൻററി പ്രദർശനം, ശിശുദിന ക്വിസ്, നെഹ്റു വേഷമണിയിൽ എന്നിവ നടന്നു.
നവംബർ 15
എസ്പിസി സൂപ്പർ സീനിയർ കേഡറ്റ് ഔട്ട്ഡോർ ടെസ്റ്റ് ഡൈനിങ് ഹാളിൽ വച്ച് നടന്നു.
നവംബർ 17
കലാകായിക ശാസ്ത്രോത്സവത്തിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്കും അതിന് പ്രാപ്തരാക്കിയ അധ്യാപകർക്കുമുള്ള അനുമോദനം ഹയർ സെക്കൻഡറി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.
എസ്എസ്എൽസി മിഡ് ടേം എക്സാം ആരംഭിച്ചു.

നവംബർ 19
ജിഎച്ച്എസ്എസ് കൊടുവള്ളി ജെ ആർ സി യൂണിറ്റ് പ്രവർത്തന ഉദ്ഘാടനവും സ് കാർഫിങ് സെറിമണിയും നടന്നു.ക്ലാസ് നയിച്ചത് ജെ ആർ സി വർക്ക് ബുക്ക് ചീഫ് എഡിറ്റർ ശ്രീ അബ്ദുറഹിമാൻ പി ആയിരുന്നു.മുഖ്യ അതിഥി നാടൻ പാട്ടുകാരനും കലാകാരനുമായ നാരായണൻ മണാശേരി ആയിരുന്നു. എൽ കെ ക്ലാസ് നടന്നു.
നവംബർ 22
ലിറ്റിൽ കൈറ്റ്സ് ടീമിൻറെ പേരന്റ്സിനുള്ള കമ്പ്യൂട്ടർ ട്രെയിനിങ് ഐടി ലാബിൽ വെച്ച് നടന്നു.
നവംബർ 24
യുപി കുട്ടികൾക്കുള്ള കമ്പ്യൂട്ടർ ട്രെയിനിങ് യുപി ഐടി ലാബിൽ വെച്ച് നടന്നു. സ്കൂളിലെ അടൽ ടിങ്കറിങ് ലാബിൽ ഫീൽഡ് വിസിറ്റ് നടന്നു. പത്താം ക്ലാസിലെ ടോപ്പേഴ്സ് ബാച്ചിനുള്ള മോട്ടിവേഷൻ ക്ലാസ് ഹയർ സെക്കൻഡറി ഓഡിറ്റോറിയത്തിൽ വൈകുന്നേരം അഞ്ചുമണി മുതൽ 7 മണി വരെ നടന്നു.

നവംബർ 25
മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ജില്ലാ യുവജനോത്സവത്തിൽ കുട്ടികൾ വിവിധ പരിപാടികളിൽ പങ്കെടുത്തു.
നവംബർ 26 ലിറ്റിൽ കൈറ്റ്സ് ക്ലാസ് നടന്നു.
നവംബർ 27 വൈ ഐ പി 3 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് ബോധവൽക്കരണ.
സ്കൂൾ ഹരിത വിദ്യാലയം റിയാലിറ്റി ഷോ സീസൺ ഫോർ ലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.
നവംബർ 28
സ്കൂളിൽ വിജ്ഞോത്സവം പ്രത്യേക പരിശീലന ക്ലാസ് നടന്നു
നവംബർ 27
ടീൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു ക്ലാസ് നയിച്ചത് സ്കൂൾ കൗൺസിലറായ ദിവ്യ ടീച്ചർ ആയിരുന്നു

## പഠനയാത്ര



കൊടുവള്ളി :കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. ചിക്ക മംഗ്ലൂർ,ലിറ്റിൽ ഹംപി, കൂർഗ് എന്നീ സ്ഥലങ്ങളിലേക്കാണ് പഠനയാത്ര സംഘടിപ്പിച്ചത്. ടൂർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിക്ക് പത്താം ക്ലാസിലെ അധ്യാപകരും പിടി എയും നേതൃത്വം നൽകി.

## കാഴ്ച പരിമിതരുടെ വിദ്യാഭ്യാസ പഠനോപകരണ പ്രദർശനം ശ്രദ്ധേയമായി




കൊട്ടുവള്ളി: കൊട്ടുവള്ളി സബ് ജില്ലാ കലോത്സവ പന്തലിൽ ജിഎച്ച്എസ് എസ് കൊട്ടുവള്ളി ഒരുക്കിയ കാഴ്ച പരിമിതരുടെ വിദ്യാഭ്യാസ പഠനോപകരണ പ്രദർശനം ശ്രദ്ധേയമായി. ഭൂഖണ്ഡങ്ങളും സമുദ്രങ്ങളും രാജ്യങ്ങളും കാഴ്ച പരിമിതർക്ക് അനായാസം തിരിച്ചറിയാൻ കഴിയുന്ന ബ്രെയിൽ ഗ്ലോബ്, സ്ക്രീൻ റീഡിങ് സോഫ്റ്റ് വെയർ ഉപയോഗിച്ചിട്ടുള്ള കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ബ്രെയിൻ ലിപിയിലുള്ള ചെസ്സ്, കാഴ്ച പരിമിതർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ ക്രിക്കറ്റ് ബോൾ, ബ്രെയിൻ ലിപിയിലുള്ള വാച്ച്, സ്മാർട്ട് കെയിൻ തുടങ്ങിയവ പ്രദർശനത്തിന് ഒരുക്കിയത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നവ്യാനുഭവമായി. ജിഎച്ച്എസ്എസ് കൊട്ടുവള്ളി ഹെഡ്മാസ്റ്റർ പി ടി മുഹമ്മദ് മുസ്തഫ, കെ സുനിൽകുമാർ ,ടി സോണി എന്നിവർ പ്രദർശനത്തിന് നേതൃത്വം നൽകി. പി ടി എ പ്രസിഡണ്ട് ആർ വി റഷീദ്, പ്രിൻസിപ്പൾ രഞ്ജിത്ത് പി കെ എന്നിവർ ചേർന്ന് പ്രദർശനം ഉദ്ഘാടനം ചെയ്തു. സീനിയർ അസിസ്റ്റന്റ് അഹമ്മദ് അഷറഫ്, സ്റ്റാഫ് സെക്രട്ടറി വി സുബൈദ, കെ എം ഒ, എസ് എസ് എം കോളേജുകളിലെ അധ്യാപക പരിശീലനാർഥികളും പ്രദർശനത്തിൽ പങ്കെടുത്തു.

## കൊടുവള്ളിയിൽ ഫീൽഡ് വിസിറ്റ് ആരംഭിച്ചു




കൊട്ടുവള്ളി : കൊട്ടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ അടൽ ടിങ്കറിങ് ലാബിലേക്ക് മറ്റ് സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ഫീൽഡ് വിസിറ്റ് ആരംഭിച്ചു . മണാശ്ശേരി സ്കൂളിലെ നാൽപതോളം ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളാണ് ഫീൽഡ് വിസിറ്റിനായി സ്കൂളിലെത്തിയത്. അവർക്ക് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ട്രെയിനറായ അക്ബർ ക്ലാസുകൾ നൽകി. അർഡിനോ ,സർവ്വോ മോട്ടോർ, വിവിധതരം സെൻസറുകൾ എന്നിവ ഉപയോഗിച്ച് വിദ്യാർഥികൾ വിവിധ പ്രോജക്റ്റുകൾ തയ്യാറാക്കി. പരിപാടി സ്കൂൾ ഹെഡ്മാസ്റ്റർ മുഹമ്മദ് മുസ്തഫ സ്ാർ ഉദ്ഘാടനം ചെയ്തു. സീനിയർ അസിസ്റ്റന്റ് അഷ്റഫ് സാർ ,ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ഫിർദൗസ് ബാനു കെ ,റീഷ പി എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ജാസിബ് എം എം, മുഹമ്മദ് അസ്മിൽ, അസ്മർ, അൽഹാൻ ഉനൈസ്, മുഹമ്മദ് ജിനാൻ എന്നിവർ പ്രോജക്ട് തയ്യാറാക്കുന്നതിൽ വിദ്യാർഥികളെ സഹായിച്ചു.

## സൗജന്യ നേത്ര പരിശോധന ക്യാമ്പ്



കൊട്ടുവള്ളി : കൊട്ടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ സൗജന്യ നേത്ര പരിശോധന ക്യാമ്പ് നടത്തി. കോഴിക്കോട് മലബാർ കണ്ണാശുപത്രിയും സ്കൂളിലെ ഹെൽത്ത് ക്ലബ്ബും ചേർന്ന് സംയുക്തമായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. കൊട്ടുവള്ളി ഉപജില്ലാ കലോത്സവത്തിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സൗജന്യമായാണ് നേത്ര പരിശോധന ക്യാമ്പ് നടത്തിയത്.

## ക്ലാസ്സ് സംഘടിപ്പിച്ചു



കൊട്ടുവള്ളി : കൊട്ടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ യുപി വിഭാഗ ത്തിലെ വിദ്യാർത്ഥികൾക്കായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർ ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. ടുപ്പി ട്യൂബ് ഡെസ്ക്,, ഓപ്പൺ ടൂ ൺസ് എന്നീ ആനിമേഷൻ സോഫ്റ്റ് വെയറുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തി. കൂടാതെ റോബോട്ടിക് കിറ്റ് ഉപയോഗിച്ച് തയ്യാറാക്കിയ ബ്ലിങ്കിങ് എൽഇഡി കുട്ടികൾക്ക് കൗതുകമായി. സ്ക്രാച്ച് പ്രോഗ്രാം ഉപയോഗിച്ച് തയ്യാറാക്കിയ ഗെയിമുകൾ പരിചയപ്പെടുത്തി. ലിറ്റിൽ കൈറ്റ്സ് 2023– 26 ബാച്ചിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരി പാടി പ്രധാനാധ്യാപകൻ മുഹമ്മദ് മുസ്തഫ സർ ഉദ്ഘാടനം ചെയ്തു. യുപി വിഭാഗം സീനിയർ അധ്യാപിക നിഷ ടീച്ചർ ,ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ഫിർദൗസ് ഭാനു കെ, റീഷ പി എന്നിവർ പങ്കെടുത്തു.

## ശിശുദിനം




കൊട്ടുവള്ളി : കൊട്ടുവള്ളി ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ശിശുദിനം വിവിധ പരിപാടികളോടെ നടത്തി. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങളുടെ നേതൃത്വത്തിൽ പോസ്റ്ററുകളും വീഡിയോസും തയ്യാറാക്കി. ശിശുദിന സന്ദേശം പ്ലക്കാർഡ് നിർമ്മാണം നെഹ്റു വേഷമണിയിൽ നെഹ്റു തൊപ്പി നിർമ്മാണം ഡോക്യുമെന്ററി പ്രദർശനം ശിശുദിന ക്വിസ് , ശിശുദിന റാലി എന്നിവ സംഘടിപ്പിച്ചു

## ഡോക്യുമെന്റേഷനും ലൈവ് സ്ട്രീമിങ്ങും



**കൊട്ടുവള്ളി : കൊട്ടുവള്ളി ഉപജില്ല യുവജനോത്സവ വേദിയിലെ പ്രധാന വേദിയായ ജിഎച്ച്എസ്എസ് കൊട്ടുവള്ളിയിൽ വച്ച് നടന്ന എല്ലാ പരിപാടികളും ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ യൂട്യൂബ് ചാനലിൽ ലൈവ് സ്ട്രീമിംഗ് നടത്തി. കൂടാതെ ഒന്നാമത്തെയും മൂന്നാമത്തെയും ദിവസങ്ങളിലെ എല്ലാ പരിപാടികളും എ ൽ കെ ടീം അംഗങ്ങളുടെ നേതൃത്വത്തിൽ ഡോക്യുമെന്റേഷനും നടത്തി. കുട്ടികൾ യുവജനോത്സവവുമായി ബന്ധപ്പെട്ട റീലുകൾ തയ്യാറാക്കി സ്കൂൾ ഇൻസ്റ്റഗ്രാം പേജിൽ അപ് ലോഡ് ചെയ്തു. പരിപാടികൾക്ക് ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ഫിർ ദൗസ് ഭാനു കെ, റീഷ പി എന്നിവർ മേൽനോട്ടം വഹിച്ചു. കൊട്ടുവള്ളി ഉപജില്ല യുവജനോത്സവത്തിലെ പ്രധാന വേദികൾ ആയ ജിഎച്ച്എ സ്എസ് കൊട്ടുവള്ളി ,എ എം എൽ പി എസ് പറമ്പത്ത് കാവ് ,കെഎം ഒ ഹയർസെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലെ പരിപാടികൾ സബ് ജില്ലയിലെ വിവിധ സ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ഡോക്യുമെന്റേഷൻ നടത്തി.പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങളായ ജാസിബ് എം എം, അമ്പരീഷ്, ഫാത്തിമ ഷാ ർദിയ,നസ്രിയ ഫാത്തിമ ഒമ്പതാം ക്ലാസിലെ അനന്ദു സുനീഷ് എട്ടാം ക്ലാസിലെ മുഹമ്മദ് അസ്മിൽ, അൽ ഹാൻ ഉനൈസ് എന്നിവർ മൂന്ന് ദിവസങ്ങളിലെ പരിപാടികൾക്ക് നേതൃത്വം നൽകി.**

## അനുമോദിച്ചു



**കൊട്ടുവള്ളി : സബ്ജില്ലാതല മത്സരങ്ങളിൽ തിളക്കമാർന്ന വിജയം കൈവരിച്ച വിദ്യാർഥികളെ അനുമോദിച്ചു .കൊട്ടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സബ്ജില്ലാതലത്തിൽ വിദ്യാലയത്തിൽ നിന്നും കലാകായികശാസ്ത്ര പ്രവർത്തി പരിചയ ഐടി മേളകളിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കിയ മുഴുവൻ വിദ്യാർത്ഥികളെയും അതിന് പ്രാപ്തരാക്കിയ അധ്യാപകരെയും അനുമോദിച്ചു. കൊട്ടുവള്ളി എ ഇ ഒ അബ്ദുൽ ഖാദർ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡണ്ട് ആർ വി റഷീദ് അധ്യക്ഷത വഹിച്ചു. കൊട്ടുവള്ളി ഉപജില്ല യുവജനോത്സവത്തിന്റെ ഉച്ചഭക്ഷണം ചുമതല ഏറ്റവും ഭംഗിയായ രീതിയിൽ നിർവഹിച്ചതിന് ജി എച്ച്എസ്എസ് കൊട്ടുവള്ളി പിടിഎ കമ്മിറ്റിയെയും ലോ ആൻഡ് ഓർഡർ ചുമതല ഭംഗിയായി നിർവഹിച്ച എസ്എം സി ചെയമാൻ അടങ്ങുന്ന ടീമിനെയും ചടങ്ങിൽ അനുമോദിച്ചു. സ്കൂൾ പ്രിൻസിപ്പാൾ രഞ്ജിത്ത് സാർ പ്രധാനാദ്ധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ ,സീനിയർ അസിസ്റ്റന്റ് അഹമ്മദ് അഷ്റഫ് ,സ്റ്റാഫ് സെക്രട്ടറി സുബൈദ, എസ്.എം.സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര എന്നിവരും ചടങ്ങിൽ പങ്കെടുത്തു.**

## ആരോഗ്യ പരിശോധന

കൊട്ടുവള്ളി : കൊട്ടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ പത്താം തരത്തിലെ പെൺകുട്ടികളിൽ അനീമിയ രോഗം ഉണ്ടോ എന്നറിയുന്നതിന് ഒക്ടോബർ 28 വെള്ളിയാഴ്ച രക്തപരിശോധന സ്കൂളിൽ വെച്ച് നടത്തി. കൊട്ടുവള്ളി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ നേഴ്സ്മാരാണ് പരിശോധന നടത്തിയത്. സ്കൂ ളിലെ ഹെൽത്ത് ക്ലബ്ബ് അംഗങ്ങൾ പരിപാടിക്ക് വേണ്ട സഹായ സഹക രണങ്ങൾ ചെയ്തു കൊടുത്തു.

## വൈറ്റ് കെയിൻ വിതരണം ചെയ്തു.



**കൊട്ടുവള്ളി : കൊട്ടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ എൻഎസ്എസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'വൈറ്റ് കെയിൻ ദിനാചരണം നടത്തി. എൻഎസ്എസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ കാഴ്ച പരിമിതർക്ക് വൈറ്റ് കെയിൻ വിതരണം ചെയ്തു. കാഴ്ച പരിമിതരായ ആളുകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എൻഎസ്എസ് വളണ്ടിയർമാർ കറുത്ത തുണികൊണ്ട് കണ്ണുകെട്ടി വൈറ്റ് കേന്ദ്ര റാലി നടത്തി. തുടർന്ന് നടന്ന പരിപാടി പ്രധാനാദ്ധ്യാപകൻ പിടി മുഹമ്മദ് മുസ്തഫ ഉദ്ഘാടനം ചെയ്തു .പിടിഎ പ്രസിഡണ്ട് ആർ വി റ ഷീദ് അധ്യക്ഷനായി എസ് എം സി ചെയർമാൻ മുഹമ്മദ് മുഖ്യാതിഥിയായി . സ്കൂൾ പ്രിൻസിപ്പൽ പി കെ രഞ്ജിത്ത് മുഖ്യപ്രഭാഷണം നടത്തി . ഹൈസ്കൂൾ സീനിയർ അസിസ്റ്റ ൻറ് അഹമ്മദ് അഷ്റഫ് ,മുഹമ്മദ് അഷ്റഫ് എൻഎസ്എ സ് കോഡിനേറ്റർ ദീപ്തി ടീച്ചർ,എൻഎസ്എ സ് ലീഡർ ഫാത്തിമ ജസ്സാ എന്നിവർ സംസാരിച്ചു.**

## രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ ക്ലാസ്സ് സംഘടിപ്പിച്ചു.



കൊട്ടുവള്ളി : കൊട്ടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ ക്ലാസ്സ് സംഘടിപ്പിച്ചു. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ, ഇങ്ക്സ്കേപ്പ്, സ്ക്രാച്ച് എന്നീ സോഫ്റ്റ്വെയർ, സൈബർ സുരക്ഷ എന്നീ വിഷയങ്ങളാണ് ക്ലാസ്സിൽ ഉൾപ്പെടുത്തിയത്. പ്രധാനാധ്യാപകൻ മുഹമ്മദ് മുസ്തഫ അധ്യക്ഷത വഹിച്ച ചടങ്ങിൽ പിടിഎ പ്രസിഡണ്ട് ആർ വി അബ്ദുൽ റഷീദ് ഉദ്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റ്സ് 2023,– 26 ബാച്ചിന്റ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ സ്റ്റാഫ് സെക്രട്ടറി വി സുബൈദ, ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ കെ ഫിർദൗസ് ബാനു, പി റീഷ എന്നിവർ പങ്കെടുത്തു.

## ബോധവത്കരണ ക്ലാസ്




കൊട്ടുവള്ളി : ടീൻസ് ക്ലബ്, ജി.എച്ച്.എസ്.എസ്. കൊട്ടുവള്ളിയിൽ , കൗമാരക്കാർക്കായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ഏഴാം ക്ലാസിലും ഒൻപതാം ക്ലാസിലും പഠിക്കുന്ന വിദ്യാർ ത്ഥികൾക്കായിരുന്നു ക്ലാസ്. എച് എം മുസ്തഫ സർ ബോധവത്കരണ പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂൾ കൗൺസിലർ ദിവ്യ ടീച്ചർ ക്ലാസിന് നേതൃത്വം നൽകി.

## പരീക്ഷയ്ക്ക് എങ്ങനെ തയ്യാറെടുക്കാം



കൊട്ടുവള്ളി : കൊട്ടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു . എസ് എം സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര പരിപാടി ഉദ്ഘാടനം ചെയ്തു .സ്കൂൾ പ്രധാന അധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ ,ഹൈസ്കൂൾ എസ്ആർജി ക ൺവീനർ ബഷീർ സാർ ,എസ് പി സി കെ ടി സുനി വിജയോത്സവം കൺവീനർ മുഹമ്മദ് സർ, പത്താം ക്ലാസ് അധ്യാപകർ എന്നിവർ പങ്കെടുത്തു. 'പരീക്ഷയ്ക്ക് എങ്ങനെ തയ്യാറെടുക്കാം എന്ന വിഷയത്തിൽ ഷാഹിദ് എളേറ്റിൽ ക്ലാസ് നയിച്ചു.തുടർന്ന് അടുത്ത ആഴ്ച പ്രഗൽഭരായ അധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നടന്നു

നേട്ടങ്ങളിലൂടെ ............ ജി എച്ച് എസ് എസ് കൊടുവള്ളി നവംബർ 2025















# നേട്ടങ്ങളിലൂടെ ............ ജി എച്ച് എസ് എസ് കൊടുവള്ളി നവംബർ 2025


















## അനുമോദനം നവംബർ 2025






















